# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. BENJAMIN MOSES

Vol. XXVIII | YEAR OF OUR LORD JESUS CHRIST, SEPTEMBER 2022 | No. 11


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സദൃശവാക്യങ്ങൾ 15:23 – 33**

23. താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യനു സന്തോഷം വരും; തക്കസമയത്തു പറയുന്ന വാക്കു എത്ര മനോഹരം.
24. ബുദ്ധിമാന്റെ ജീവയാത്ര മേലോട്ടാകുന്നു; കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകും.
25. അഹങ്കാരിയുടെ വീടു യഹോവ പൊളിച്ചുകളയും; വിധവയുടെ അതിരോ അവൻ ഉറപ്പിക്കും.
26. ദുരുപായങ്ങൾ യഹോവയ്ക്കു വെറുപ്പു; ദയവാക്കോ നിർമ്മലം.
27. ദുരാഗ്രഹി തന്റെ ഭവനത്തെ വലയ്ക്കുന്നു; കോഴ വെറുക്കുന്നവനോ ജീവിച്ചിരിക്കും.
28. നീതിമാൻ മനസ്സിൽ ആലോചിച്ചു ഉത്തരം പറയുന്നു; ദുഷ്ടന്മാരുടെ വായോ ദോഷങ്ങളെ പൊഴിക്കുന്നു.
29. യഹോവ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു; നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു.
30. കണ്ണിന്റെ ശോഭ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; നല്ല വർത്തമാനം അസ്ഥികളെ തണുപ്പിക്കുന്നു.
31. ജീവാർത്ഥമായ ശാസന കേൾക്കുന്ന ചെവിയുള്ളവൻ ജ്ഞാനികളുടെ മുൻപേ വസിക്കും.
32. പ്രബോധനം ത്യജിക്കുന്നവൻ തന്റെ പ്രാണനെ നിരസിക്കുന്നു; ശാസന കേട്ടനുസരിക്കുന്നവനോ വിവേകം സമ്പാദിക്കുന്നു.
33. യഹോവാഭക്തി ജ്ഞാനോപദേശമാകുന്നു; മാനത്തിന്നു വിജയം മുന്നോടിയാകുന്നു.

# ദൈവം നിന്നെ വളർത്തുകയും ഉയർത്തുകയും ചെയ്യും

## GOD CAN RAISE YOU AND LIFT YOU!

Pr. S. Sam Selva Raj

**അവൻ എളിയവനെ പൊടിയിൽ നിന്നു എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്നു ഉയർത്തുകയും ചെയ്തു** (സങ്കീർത്തനങ്ങൾ 117:7).

### യോശുവ ആരായിരുന്നു?

മോശെയുടെ മരണശേഷം യിസ്രായേല്യരെ നയിക്കുവാനുള്ള നിയോഗം ലഭിച്ചത് യോശുവയ്ക്കായിരുന്നു. **യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം യഹോവ നൂന്റെ മകനായി മോശെയുടെ ശുശ്രൂഷകനായ യോശുവയോടു...** (യോശുവ 1:1). **അതിന്റെ ശേഷം യഹോവയുടെ ദാസനായി നൂന്റെ മകനായ യോശുവ നൂറ്റിപ്പത്തു വയസ്സുള്ളവനായി മരിച്ചു** (യോശുവ 24:29). യോശുവ മോശെയുടെ ദാസനായിരുന്നു എന്ന് ആദ്യ വാക്യത്തിലും കർത്താവിന്റെ ദാസനായിരുന്നു എന്ന് അവസാന ഭാഗത്തിലും പറയുന്നു.


**അവൻ എളിയവനെ പൊടിയിൽനിന്നു എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്നു ഉയർത്തുകയും ചെയ്തു** (സങ്കീർത്തനങ്ങൾ 113:7). അടിച്ചമർത്തപ്പെട്ടവരെയും, ദരിദ്രരെയും, ആവശ്യത്തിലിരിക്കുന്നവരെയും കുറിച്ച് കർത്താവിന് ഉത്കണ്ഠയുണ്ട്. ദൈവം ഒരു മനുഷ്യനെ മറ്റൊരാളുടെ ദാസനാകാൻ അനുവദിക്കുകയും പിന്നീട് അവനെ ദാസനാക്കുകയും ചെയ്യുന്നു. ഹോശേയ എന്ന യോശുവയുടെ യഥാർത്ഥ പേര് മോശെയാണ് മാറ്റിയത്. യോശുവ എന്ന പദത്തിന്റെ അർത്ഥം "കർത്താവ് രക്ഷ" എന്നാണ്. യോശുവയുടെ ദൗത്യം ദൈവം അവർക്കു വാഗ്ദത്തം ചെയ്ത രാജ്യം അവകാശമാക്കുക എന്നതാണ്. എൺപതു വയസ്സുള്ള മനുഷ്യനെ ദൈവം ഉയർത്തി, അവന് അധികാരവും സ്വർഗ്ഗത്തിന്റെ താക്കോലും നൽകി. യോശുവ ഒരു സമ്പന്ന കുടുംബത്തിലല്ല ജനിച്ചത് – അവൻ മിസ്രയീമിലെ ഒരു അടിമയ്ക്കാണ് ജനിച്ചത്.

കത്തുന്ന മുൾപടർപ്പിൽ നിന്ന് ദൈവം മോശെയെ പേർ ചൊല്ലി വിളിച്ചു. ശൗൽ ദമസ്കോസിലേക്കു പോയപ്പോൾ ശൗലേ, ശൗലേ എന്നു വിളിക്കുന്ന കർത്താവിന്റെ ശബ്ദം അവൻ കേട്ടു. പക്ഷെ യോശുവയുടെ കാര്യത്തിൽ പേരെടുത്തു വിളിക്കുകയോ ദർശനമോ അടയാളമോ ഒന്നും ഉണ്ടായില്ല. അവനെ വയസ്സായ മോശെയുടെ സഹായിയാക്കി, ആ വൃദ്ധനിലൂടെ ദൈവത്തെക്കുറിച്ച് മനസ്സിലാക്കി. ആ വൃദ്ധൻ പറയുന്നതു കേട്ടതുമൂലം യോശുവയ്ക്കു ദൈവശക്തി ലഭിച്ചു.

ഓരോ വ്യക്തിയുടെയും വിളി വ്യത്യസ്തമാണെന്ന് നമുക്കറിയാം. ആരും മറ്റൊരാളേ

3-ാം പേജിൽ തുടരും...

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)




## *from your dearly beloved brother...*



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.
**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.
**ADMINISTRATION**
Bro. N. Prakasam, M.A., General Manager
**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Rev. Dr. K.R. Rajasekaran
Dr. A. Richard Samuel, M.A., Ph.D.
**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858
**CORE LEADERS**
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah
**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in
**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com
**YOUTUBE CHANNEL**
Echo of His Call

> **"നീതിമാൻ പന പോലെ തഴെക്കും;
> ലെബാനോനിലെ ദേവദാരു പോലെ വളരും"
> സങ്കീർത്തനങ്ങൾ 92:12.**

കർത്താവിൽ പ്രീയമുള്ളവരേ,

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (ഫിലേമോൻ 1:3).


നിങ്ങളുടെ നല്ല ആരോഗ്യത്തിൽനിന്നും ദൈവത്തിൽ നിന്നുള്ള സന്തോഷവും വിശ്വസിച്ചുകൊണ്ട് കർത്താവ് നിങ്ങളെ ദിനംതോറും സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും പ്രതിഫലം നൽകുകയും ചെയ്യുന്ന നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു തീർച്ചയായും നിങ്ങളെ അനുഗ്രഹിക്കും. അവൻ നിന്നെ തന്റെ തൂവലുകൾ കൊണ്ടു മറെയ്ക്കും (സങ്കീർത്തനങ്ങൾ 91:4).

നിങ്ങളുടെ കഷ്ടതയുടെ സമയം കഴിയുന്നതുവരെ അവൻ നിങ്ങളെ അവന്റെ ചിറകിൻ കീഴിൽ സംരക്ഷിക്കും. ആകയാൽ ധൈര്യപ്പെടുവിൻ; ഭയപ്പെടേണ്ട, ആപത്തുകൾ ഒഴിഞ്ഞു പോകുന്നതുവരെ അവന്റെ ചിറകിൻകീഴിൽ ശരണപ്പെട്ട് മുന്നോട്ടു പോകുവിൻ (സങ്കീർത്തനങ്ങൾ 57:1). ദൈവത്തിന്റെ ബലമുള്ള കരങ്ങൾ നിങ്ങളോടുകൂടെയുണ്ട്.

പല തടസ്സങ്ങളുണ്ടെങ്കിലും **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകളുടെ എല്ലാ മേഖലകളും ക്രമമായി ചെയ്യുവാൻ സാധിക്കുന്നു. ദൈവം പുതിയ ആത്മാക്കളെ ഞങ്ങളോടൊപ്പം ചേർക്കുന്നു. മറുവശത്ത്, ശത്രുക്കളുടെ പോരാട്ടങ്ങൾ, സാമ്പത്തിക ആവശ്യങ്ങൾ, ഈ മാസികയിലൂടെ വെളിപ്പെടുത്തുവാൻ കഴിയാത്ത പ്രശ്നങ്ങൾ എന്നിവയാൽ ഭാരപ്പെടുന്നു. എല്ലാത്തിനെയും മറികടക്കുവാൻ ദൈവകൃപയാൽ ഞങ്ങൾക്കു കഴിയുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും താങ്ങേണമേ. നിങ്ങളുടെ പ്രാർത്ഥനയ്ക്കും പിന്തുണയ്ക്കും നന്ദി.



*Rev. Dr. K.R. Rajasekaran*



*Dr. A Richard Samuel*

തക്കസമയത്ത് റവ. ഡോ. കെ.ആർ. രാജശേഖരൻ, ഡോ. എ. റിച്ചാർഡ് സാമുവേൽ എന്നിവരെ ഞങ്ങളുമായി കൂട്ടിച്ചേർക്കുവാൻ ദൈവം അത്ഭുതകരമായി പ്രവർത്തിച്ചു. ദൈവം നല്ലവനാണ്. ദൈവത്തിന് സ്തുതിയും മഹത്വവും! അഭിനന്ദനങ്ങൾ!! ദൈവം ഈ സഹോദരങ്ങളെ അനുഗ്രഹിക്കട്ടെ!!!

വിളിയുടെ പ്രതിധ്വനി മുഖ്യസഭയിൽ വച്ച് ആഗസ്റ്റ് 6,7 തിയതികളിൽ 54-ാമത് വാർഷിക കൺവെൻഷനും പുതിയ ജീവനക്കാരുടെ പ്രവേശന ചടങ്ങും നടക്കുകയുണ്ടായി. ചെന്നൈയിലെ സീനിയർ പാസ്റ്ററും ഞങ്ങളുടെ ആത്മമിത്രവുമായ പാസ്റ്റർ എസ്. അബ്രഹാമിനെ ദൈവം ശക്തമായി ഉപയോഗിച്ചു. എന്റെ മകൾ സിസ്റ്റർ. ഏഞ്ചലിൻ സന്ദേശം തമിഴിൽനിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. സിസ്റ്റർ. റൈമാ ഗെത്സീ അലക്സ് സാംസൺ, ബ്ര. ജെ. സാമുവേൽ, സിസ്റ്റർ. കാന്താ എന്നിവരെ വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ പൂർണ്ണസമയ പ്രവർത്തകരായി പ്രഖ്യാപിച്ചു. ഞങ്ങളുടെ സ്നേഹവും ബഹുമാനവുമുള്ള സഹോദരങ്ങളായ കെ. പുരട്ചിവേന്തൻ, എ. എഡ്വേർഡ് ദുരൈ, എ. ആൽവിൻ, കെ. അബ്രഹാം, സിസ്റ്റർ. ധനലക്ഷ്മി ചിന്നയ്യ എന്നിവരെ മൂന്നു വർഷത്തേക്ക് ഡയറക്ടർ ബോർഡിലേക്ക് അംഗത്വം നൽകി. ഞങ്ങളുടെ

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

ശുശ്രൂഷയെ ഭാവിയിൽ അടുത്ത നിലയിലേക്ക് ഉയർത്തും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വിളിയുടെ പ്രതിധ്വനി ശുശ്രൂഷയെ കർത്താവിന്റെ രണ്ടാം വരവു വരെയും ദൈവം നയിക്കട്ടെ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഞ ങ്ങളെ ശക്തമായി പിന്തുണയ്ക്കുന്ന നിങ്ങളെ ഏവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ. ശുശ്രൂഷയുടെ കഴിഞ്ഞ 53 വർഷക്കാലവും ഞങ്ങളോടൊപ്പം സഞ്ചരിച്ച എല്ലാവർക്കും ആശംസയും അനുഗ്രഹങ്ങളും നേരുന്നു. ഞങ്ങളുടെ സുഹൃത്തുക്കളിലൊരാളായ ബ്ര. കെൻ ഇങ്ങനെ ഇ-മെയിൽ ചെയ്തു, "പ്രീയ ബ്രദർ സാം, 53 വർഷങ്ങൾ – അത്ഭുതകരമായിരിക്കുന്നു." ഇത് ഞങ്ങളെ വളരെയധികം സ്പർശിച്ച വാക്കുകളായിരുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു സ്തുതി! ശുശ്രൂഷയുടെ തുടക്കം മുതലു ള്ള രണ്ടു പങ്കാളികളെയും പുതുതായി ഞങ്ങളോടൊപ്പം ചേർന്നവരെയും ഞങ്ങൾ ആദരിക്കുന്നു. **തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ** (1കൊരിന്ത്യർ 1:9).

ഞങ്ങളുടെ ബോർഡ് അംഗങ്ങൾ, സഭാംഗങ്ങൾ, ശുശ്രൂഷകർ, മാസികയുടെ വായനക്കാർ, അസ്സോസിയേറ്റ് എഡിറ്റർമാർ, പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, സംഭാവന നൽകുന്നവർ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ, മിഷണറിമാർ, ശാഖാ പാസ്റ്റർമാർ, സ്റ്റേറ്റ് കോഡിനേറ്റർമാർ, വിദേശ സുഹൃത്തുക്കൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ ജീവനക്കാർ, നെഹെമ്യ ബൈബിൾ കോളേജ് ജീവനക്കാർ, ഓഫീസ് ജീവനക്കാർ തുടങ്ങിയ എല്ലാവരെയും ഈ അവസരത്തിൽ ഞങ്ങൾ വന്ദനം ചെയ്യുന്നു. 1969 മുതൽ ഇന്നു വരെയും ദൈവം ഞങ്ങളെ നടത്തിയ വിധങ്ങൾ ഓർക്കുമ്പോൾ കർത്താവായ യേശുക്രിസ്തുവിലുള്ള സന്തോഷം നിറഞ്ഞു കവിയുന്നു.

കർത്താവ് നിങ്ങളെ എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ, ആമേൻ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858
E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

ക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ല. മോശെ വിക്കനായിരുന്നെങ്കിലും യുദ്ധമുറകൾ അഭ്യസിച്ചവനും ശക്തനും ധൈര്യശാലിയുമായിരുന്നു. അയാളുടെ ശ്രദ്ധ ആകർഷിക്കാൻ കാടിന്റെ മദ്ധ്യേ കത്തുന്ന മുൾപടർപ്പ് വേണ്ടിവന്നു. കാട്ടിൽ ഒരു മുൾപടർപ്പ് കത്തിക്കൊണ്ടിരുന്നു എങ്കിലും അത് വെന്തുപോകുന്നില്ലായിരുന്നു. ആരും ചുറ്റുമില്ലായിരുന്നെങ്കിലും മോശെ, മോശെ എന്നു വിളിക്കുന്ന ശബ്ദം അവൻ കേൾക്കുന്നുണ്ടായിരുന്നു. ഇങ്ങനെയൊരു സംഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുകയാണെങ്കിൽ നാം ഭയന്നുപോകുമായിരുന്നു. അടയാളങ്ങളൊന്നും ഉണ്ടാകാതെ എന്റെ ജനത്തെ മിസ്രയീമിലെ അടിമത്തത്തിൽ നിന്നും വിടുവിച്ചുകൊണ്ടു വരിക എന്നു പറഞ്ഞിരുന്നെങ്കിൽ അവൻ വിശ്വസിക്കില്ലായിരുന്നു. അവൻ ആദ്യം ദൈവത്തിന്റെ മഹത്തായ ശക്തിയെ കാണണമായിരുന്നു.

പക്ഷെ യോശുവ ഈ സ്വഭാവമുള്ളവനായിരുന്നില്ല. ദൈവവചനം ശ്രവിക്കുവാൻ അവന്റെ ഹൃദയം തുറന്നിരിക്കുകയായിരുന്നു. അതിനാൽ ദൈവം അപ്പോൾ തന്നെ അവനെ തന്റെ സ്ഥാനത്ത് അഭിഷേകം ചെയ്യുവാൻ മോശെയോടു കല്പിച്ചു.

അവന്റെ വചനം അനുസരിക്കുമ്പോൾ നിങ്ങൾ അനുഗ്രഹം പ്രാപിക്കും. ദൈവം തക്ക സമയത്ത് എല്ലാം ചെയ്യുന്നവനാണ്. എല്ലാം പെട്ടെന്ന് സംഭവിക്കണമെന്ന് നാം പ്രതീക്ഷിക്കുന്നു. നമ്മുടെ വേഗതയും ദൈവത്തിന്റെ സമയവും തമ്മിൽ ഒത്തുപോകുന്നില്ല. അതിനാൽ പലരുടെയും ജീവിതങ്ങളിൽ അനുഗ്രഹങ്ങൾക്കു താമസം നേരിടുന്നു. പഠനത്തിലും, രോഗത്തിൽ നിന്നുള്ള വിടുതലിലും, സ്വകാര്യ ജീവിതത്തിലുള്ള അനുഗ്രഹങ്ങളിലുമെല്ലാം താമസം നേരിടുന്നു. ഇങ്ങനെയെല്ലാം സംഭവിക്കുമ്പോൾ ദൈവം നമ്മെ മറന്നു എന്നു കരുതരുത്. പകരം, ദൈവം എന്തോ വലിയവ ചെയ്യാൻ പോകുന്നു. ദൈവത്തിന്റെ ശക്തമായ കരങ്ങളിൽ സ്വയം താഴ്ത്തി സമർപ്പിക്കുവിൻ. അങ്ങനെയെങ്കിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കും, നിങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം തിരികെ ലഭിക്കും–നിങ്ങളുടെ ആരോഗ്യം പോലും! നിങ്ങളുടെ ആയുസ്സും ദൈവം വർദ്ധിപ്പിക്കും.

അടിമത്തത്തിൽ നിന്നും, ദാരിദ്ര്യത്തിൽ നിന്നും അപര്യാപ്തതയിൽ നിന്നും ഒരു മനുഷ്യനെ ദൈവം ഉയിർപ്പിക്കുമ്പോൾ ദൈവം അവനെ രാജാക്കന്മാരുടെ മുമ്പിൽ നിർത്തുവാൻ പ്രാപ്തരാക്കുന്നു. യോശുവ അനേകം വർഷങ്ങൾ ഒരു ജേതാവായും ന്യായാധിപനായും രൂപാന്തരപ്പെട്ടു.



## 1. ഉറപ്പായ വിശ്വാസത്തിന്റെ വാക്യം

ദൈവത്തിന് അമാനുഷികമായ പ്രവൃത്തികൾ നമ്മിൽ ചെയ്യണമെങ്കിൽ അവന്റെ വചനങ്ങളിലും വാഗ്ദാനങ്ങളിലും നാം വിശ്വസിക്കണം. സംഖ്യാപുസ്തകത്തിന്റെ 13,14 അദ്ധ്യായങ്ങളിൽ കാനാൻ ദേശം താമസയോഗ്യമാണോ എന്നു പരിശോധിക്കാനായി യിസ്രായേൽ മക്കളുടെ തലവന്മാരെ ഒറ്റുനോക്കാൻ മോശെ അയച്ചതിനെക്കുറിച്ചു നാം വായിക്കുന്നു. അവർ തിരികെ വന്നപ്പോൾ അവിടുത്തെ ജനങ്ങൾ മല്ലന്മാരാണെന്നും നല്ല ഉയരമുള്ളവരാണെന്നും അവിടെ പോകാൻ കഴിയുകയില്ല എന്നും അറിയിച്ചു. ഒറ്റുനോക്കാൻ പോയവരുടെ കൂട്ടത്തിൽ യോശുവയും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം നേരെ മറിച്ചായിരുന്നു. മറ്റുള്ളവർ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ യോശുവയ്ക്കു എതിർപ്പായിരുന്നു. **ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശം ആകുന്നു. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടു ചെന്നു നമുക്ക് അത് തരും** (സംഖ്യാപുസ്തകം 14:7,8) എന്നാണ് യോശുവ പറഞ്ഞത്.

ഞങ്ങളുടെ യഥാർത്ഥ പള്ളിക്കെട്ടിടം പഴയതും ജീർണ്ണാവസ്ഥയിലുമായപ്പോൾ അത് നന്നാക്കാൻ ഞങ്ങളുടെ കൈയ്യിൽ പണമില്ലായിരുന്നു. ഓഫീസ് പ്രവർത്തിക്കുവാനും ആരാധന നടത്തുവാനും ഉള്ള സ്ഥലമില്ലായിരുന്നു. ദൈവം എല്ലാം ചെയ്യുമെന്ന് ഞങ്ങൾ

വിശ്വസിച്ചു. അപ്പോൾ വിശ്വാസത്തിന്റെ വാക്കുകൾ ശ്രവിക്കുവാനിടയായി. "ആറു മാസത്തിനുള്ളിൽ ഒരു പള്ളി പണിയും, ഒരു പ്രസ്സ് പ്രവർത്തനമാരംഭിക്കും, കെട്ടിടം മനോഹരമായി നിർമ്മിക്കും". ഞങ്ങളുടെ പക്കൽ പണമുണ്ടായിരുന്നോ? ആരെങ്കിലും സംഭാവന നൽകാമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ടോ? ആരെങ്കിലും പണം തന്നുവോ? ആരും ഒന്നും തന്നില്ല. എന്നാൽ അവന്റെ വാഗ്ദാനപ്രകാരം, വിശ്വാസത്തോടെ ഞങ്ങൾ പണി ആരംഭിച്ചു. പണി നടന്നുകൊണ്ടേയിരുന്നു, ഞങ്ങളുടെ ആഗ്രഹപ്രകാരം, ആസൂത്രണം ചെയ്തപോലെ കൃത്യസമയത്ത് കെട്ടിടം ഉയർന്നു. നാം ഇന്നു കാണുന്നതുപോലെ ഉയരമുള്ള മനോഹരമായ കെട്ടിടം പണിയപ്പെട്ടു. ദൈവം നമുക്കു നൽകും. നിങ്ങളുടെ വായ്പകൾ ഇല്ലാതെയാകും, നിങ്ങളുടെ കണ്ണുനീർ അപ്രത്യക്ഷമാകും, ബുദ്ധിമുട്ടുള്ള സമയം കടന്നുപോകും, ഇതെല്ലാം ദൈവം കരുതിക്കൊള്ളും.

## 2. സഹായിയായ യോശുവ

മോശെയുടെ വിശ്വസ്ത സഹായിയായിരുന്നു യോശുവ. കർത്താവ് നിങ്ങളെ അനുഗ്രഹിക്കണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളുടെ മനസ്സിൽ സേവനമനോഭാവം ഉണ്ടായിരിക്കണം. അത്തരത്തിലുള്ളവരെ മാ



ത്രമേ ഉന്നത പദവിയിലേക്ക് ഉയർത്തുകയുള്ളു. മഹാന്മാരായ ദേശീയ നേതാക്കളുടെ ജീവിതം കാണുമ്പോൾ അവർ ആ സ്ഥാനം അനായാസം നേടിയെടുത്തതാണെന്നു തോന്നാം. എന്നാൽ അവരുടെ ജീവിതത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ അവരിൽ ഭൂരിഭാഗവും വളരെയധികം ത്യാഗം സഹിച്ചാണ് ആ സ്ഥാനം നേടിയതെന്ന് നിങ്ങൾക്കു മനസ്സിലാകും. അവരുടെ ത്യാഗത്തെ മാനിച്ച് ദൈവം അവരെ ഉയർത്തി. **എന്റെ അപ്പനായ ദാവീദിനോടു തിരുവായ് കൊണ്ട് അരുളിച്ചെയ്തതു തൃക്കൈകൊണ്ടു നിവർത്തിച്ചിരിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ** (2 ദിനവൃത്താന്തം 6:4).

**നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം** (മത്തായി 20:27). നിങ്ങളിൽ ആരെങ്കിലും ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അവൻ ആദ്യം അവൻ ദാസനായി നിങ്ങളെ സേവിക്കട്ടെ, അപ്പോൾ ദൈവം അവനെ ഒരു വലിയ നേതാവാക്കി മാറ്റും.

1969ൽ 'വരുഗയിൻ തൂതൻ' എന്ന തമിഴ് മാസികയുടെ പത്രാധിപനായിരുന്ന ബ്ര. എസ്. ദേവദാസന്റെ കീഴിൽ പ്രവർത്തിക്കുകയായിരുന്നു. ഞാൻ ജോലിയിൽ പ്രവേശിച്ചപ്പോൾ എനിക്കു ലഭിച്ച ആദ്യ ജോലി ഓഫീസും അതിനകത്തുള്ള മേശയും വൃത്തിയാക്കൽ ആയിരുന്നു. ഒരു മടിയും കൂടാതെ ഞാൻ ആ ജോലി സ്വീകരിച്ചു. ഓഫീസിന്റെ തറയും ഞാൻ തൂത്തു വൃത്തിയാക്കുമായിരുന്നു. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപോയി എങ്കിലും ഞാൻ ഈ ജോലി ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ആ പത്രാധിപൻ തന്റെ എല്ലാ ഉത്തരവാദിത്തങ്ങളും ഓഫീസിന്റെ താക്കോലും എന്നെ ഏല്പിച്ചിട്ട് ഇങ്ങനെ പറഞ്ഞു: ദൈവത്തിന്റെ ആത്മാവ് നിന്നിലുണ്ട്, നീ എല്ലാ കാര്യങ്ങളിലും മിടുക്കനാണ്. ദൈവം എഡിറ്ററോട് എന്റെ സ്ഥാനം ഉയർത്താൻ സംസാരിച്ചു. അവന്റെ അഭിഷേകവും സ്നേഹവും എന്റെ മേൽ വന്നു, ഞാൻ ദൈവത്തിന്റെ ദാസനായി. സേവന മനോഭാവം കൊണ്ടു നാം നിറയണം.

ഇക്കാലത്ത് വലിയ പ്രഭാഷകരും നേതാക്കളുമായി മാറാൻ നിരവധി ആളുകൾ മുന്നോട്ടു വരുന്നുണ്ട്. എന്നാൽ പക്വതയുള്ള ആത്മീയ ജീവിതം നയിച്ച ഒരു ദൈവദാസന്റെ കീഴിൽ പരിശീലനം നേടാൻ അവർ തയ്യാറല്ല. ആത്മീയ ജീവിതത്തിന്റെ യഥാർത്ഥ ഘട്ടങ്ങൾ മനസ്സിലാക്കാതെ റവറണ്ട്, ഡോക്ടർ, ബിഷപ്പ്, പാസ്റ്റർ, ദൈവപുരുഷൻ, അന്താരാഷ്ട്ര പ്രാസംഗികൻ എന്നു വിളിച്ചു കേൾക്കാൻ എല്ലാവരും ആഗ്രഹിക്കുന്നു. അത്തരം ആളുകൾ ചില പ്രലോഭനങ്ങളിലോ ബുദ്ധിമുട്ടുകളിലോ കഷ്ടപ്പാടുകളിലോ കുടുങ്ങി തങ്ങളുടെ ആത്മീയത നഷ്ടപ്പെട്ടുപോകുന്നു. ദൈവത്തിന്റെ ദാസനും പരിശുദ്ധനുമായ ഒരു ആത്മീയ നേതാവിന്റെ കീഴിൽ പ്രവർത്തിച്ച് പരിചയം നേടി അദ്ദേഹത്തി

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यमः हिन्दी
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान
सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***സെപ്റ്റംബർ 19*** : 1969 മുതലുള്ള മാസികാശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***സെപ്റ്റംബർ 20*** : നെഹെമ്യ ബൈബിൾ സായാഹ്ന, റെസിഡൻഷ്യൽ കോഴ്സുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ലഭിച്ചതിനായി

***സെപ്റ്റംബർ 21*** : വിളിയുടെ പ്രതിധ്വനിയുടെ 17 ഭാഷകളിലെ മാസികയുടെ അച്ചടി നമ്മുടെ സുവിശേഷ അച്ചടിശാലയിൽ ചെയ്തതിനും വിതരണം ചെയ്തതിനായും.

***സെപ്റ്റംബർ 22*** : നമ്മുടെ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കായും.

***സെപ്റ്റംബർ 23*** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***സെപ്റ്റംബർ 24*** : വേദപുസ്തക വിദൂര പഠന കേന്ദ്രം, വേദശാസ്ത്ര വിദൂര പഠന കേന്ദ്രം എന്നിവ വളർന്നതിനായി.

***സെപ്റ്റംബർ 25*** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി.

***സെപ്റ്റംബർ 26*** : മുഖ്യസഭയിലെയും ശാഖാ സഭകളിലെയും വിശ്വാസികൾക്കായി.

***സെപ്റ്റംബർ 27*** : പ്രസിദ്ധീകരണ ശുശ്രൂഷകൾക്കായി റവ. ഡോ. കെ. ആർ. രാജശേഖരൻ എന്ന പുതിയ അസ്സോസിയേറ്റ് എഡിറ്റർക്കായി.

***സെപ്റ്റംബർ 28*** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്കായി.

***സെപ്റ്റംബർ 29*** : വിളിയുടെ പ്രതിധ്വനിയുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയെല്ലാം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

***സെപ്റ്റംബർ 30*** : ജൂലൈ മാസത്തിലെ ആവശ്യങ്ങൾ നിറവേറ്റി തന്നതിനായി.

***ഒക്ടോബർ 01*** : ക്രമമായി തിയോളജിക്കൽ സെമിനാറുകൾ നടത്തുവാൻ സഹായിച്ചതിന യി.

***ഒക്ടോബർ 02*** : വിവിധ മാർഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ സമർപ്പണത്തിനായി.

***ഒക്ടോബർ 03*** : ഞങ്ങളുടെ സഭകളിൽ പുതിയ വിശ്വാസികൾ ലഭിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ഒക്ടോബർ 04*** : എല്ലാ രാജ്യങ്ങളിലെയും വിശ്വാസികൾ തമ്മിലുള്ള പ്രതിബദ്ധതക്കായി.

***ഒക്ടോബർ 05*** : നമ്മുടെ സംഘടന, ജീവനക്കാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി.

***ഒക്ടോബർ 06*** : മുഖ്യ പാസ്റ്ററുടെ ആത്മകഥാ രചനയിൽ ദൈവത്തിന്റെ അദൃശ്യമായ കരം ഉണ്ടാകുവാൻ.

***ഒക്ടോബർ 07*** : ലോകം മുഴുവനുമുള്ള സമാധാനത്തിനായും ഐക്യത്തിനായും.

***ഒക്ടോബർ 08*** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ പുതിയ വിദ്യാർത്ഥികൾ ലഭിച്ചതിനായി.

***ഒക്ടോബർ 09*** : നമ്മുടെ പങ്കാളികൾ, സംസ്ഥാന കോഡിനേറ്റർമാർ അവരുടെ കുടംബാംഗങ്ങൾ എന്നിവർക്കായി.

***ഒക്ടോബർ 10*** : സുവിശേഷ അച്ചടിശാലയെ അനുഗ്രഹിച്ചതിനായി.

***ഒക്ടോബർ 11*** : ലോകം മുഴുവനുമുള്ള ജനങ്ങളുടെ സുരക്ഷക്കായി.

***ഒക്ടോബർ 12*** : ഈ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

***ഒക്ടോബർ 13*** : മോശമായ പ്രവൃത്തികൾ ചെയ്യുന്നവരും മദ്യപാനികളും അനുതാപത്തലേക്ക് കടന്നുവരുവാൻ.

***ഒക്ടോബർ 14*** : ലോകം മുഴുവനുള്ള എല്ലാ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷക്കായി.

***ഒക്ടോബർ 15*** : ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകുവാനുള്ള ദർശനം നൽകിയതിനായി.

***ഒക്ടോബർ 16*** : വിളിയുടെ പ്രതിധ്വനിയുടെ യുവാക്കൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾക്കായി.

***ഒക്ടോബർ 17*** : ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കാൻ സഹായിച്ചതിനായി.

***ഒക്ടോബർ 18*** : സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

ന്റെ നല്ല സ്വഭാവവും ശീലങ്ങളും ദൈവീക സ്വഭാവവും മനസ്സിലാക്കി അത് പിന്തുടരുകയും വേണം.

എന്റെ ദൈവീക ശുശ്രൂഷയുടെ കാലഘട്ടത്തിൽ പരേതനായ പാസ്റ്റർ എസ്. ദേവദാസനിൽ (വരുഗയിൻ തൂതൻ) നിന്നും മൂന്നു നല്ല സ്വഭാവങ്ങൾ ഞാൻ മനസ്സിലാക്കി.

### 1. സമയനിഷ്ഠ

ഏതു ജോലിയും മുൻഗണനാ ക്രമത്തിൽ കൃത്യസമയത്ത് ചെയ്യണം. നാം നമ്മുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ പുറപ്പെടുമ്പോൾ മഴയോ, കാറ്റോ, ട്രാഫിക് കുരുക്കോ പോലെ പ്രകൃതിയിൽ നിന്നുള്ള തടസ്സങ്ങൾ മനസ്സിൽ കാണണം, അതിനാൽ കുറച്ചു നേരത്തെ ഇറങ്ങണം. ജോലി സ്ഥലത്തോ പള്ളിയിലോ നിങ്ങൾ എത്താൻ താമസിക്കരുത്. നിങ്ങൾ വൈകിയാൽ ജീവിതത്തിൽ പരാജയം നേരിടേണ്ടിവരുമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്.

### 2. ഉത്തരവാദിത്തം

ഏറ്റവും ചെറിയ ജോലികൾ പോലും ഉത്തരവാദത്തത്തോടെ ചെയ്യേണ്ടതാണ്. എന്തും കുറ്റമറ്റതായി ചെയ്യണം. ഒരു തമിഴ് പഴഞ്ചൊല്ലു പ്രകാരം, ഉത്തരവാദിത്തമുള്ള സ്ഥാനത്ത് ജോലി ചെയ്യുന്ന ആളുകൾ അവരെ ആശ്രയിച്ചു അവരുടെ കീഴിൽ ജോലി ചെയ്യുന്നവരുടെ ആവശ്യങ്ങൾ മനസ്സിൽ സൂക്ഷിക്കണം. കല്പന ഇതാണ്:

1. നാം എന്തു ചെയ്താലും നമ്മുടെ പരമാവധി അറിവും ബുദ്ധിയും ഉപയോഗിച്ചു ചെയ്യണം.
2. നമ്മുടെ കഴിവിലും ബുദ്ധിയിലും ദൈവഭയത്തിലും ആശ്രയിച്ച് എല്ലാം ആത്മവിശ്വാസത്തോടെ ചെയ്യണം.

ഉദാഹരണമായി, ചിലർ തങ്ങൾ ചെയ്ത കാര്യങ്ങളെക്കുറിച്ച് വീണ്ടും ചിന്തിക്കുന്നില്ല. അവരുടെ ജോലിയെക്കുറിച്ചുള്ള ചിന്ത അവരെ അലട്ടുന്നതേയില്ല. “എന്റെ തെറ്റുകൾ കണ്ടുപിടിക്കുവാൻ മേലുദ്യോഗസ്ഥർക്കു കഴിയുന്നെങ്കിൽ മാത്രം ഞാൻ പിന്നീടു തിരുത്താം” എന്നാണ് അവർ ചിന്തിക്കുന്നത്. ഇത് അപകടകരമായ പ്രവണതയാണ്. എല്ലാം മനസ്സാക്ഷിക്കനുസരിച്ചു നന്നായി ചെയ്യുവാനുള്ള ആഗ്രഹം നമുക്ക് ഉണ്ടായിരിക്കണം. എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അതിൽ പശ്ചാത്തപിച്ച്, ഇനി അത് ആവർത്തിക്കുകയില്ല എന്നു പ്രതിജ്ഞയെടുക്കണം.

### 3. പങ്കാളിത്തം

എല്ലാ കർത്തവ്യങ്ങളും വ്യക്തിപരമായ സ്പർശനത്തോടെ ചെയ്യണം. ഇത് എന്റെ ജോലിയല്ല, ഇത് എന്റെ സ്വകാര്യ സ്വത്തല്ല, ഈ ഉദ്യമത്തിന്റെ ലാഭനഷ്ടത്തെക്കുറിച്ച് എനിക്ക് ആശങ്കയുമില്ല എന്നു നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ നിങ്ങൾ തികഞ്ഞ പരാജയമാണ്.

നിങ്ങൾ ഒരു തൂപ്പുകാരനോ ഒരു സ്ഥാപനത്തിൽ ഉന്നത പദവി വഹിക്കുന്നവനോ ആയിരിക്കാം. ചുമതലകൾ കേവലം ചുമതലകൾ പോലെ ചെയ്യാതെ നിങ്ങളുടെ ഹൃദയവും ആത്മാവും അതിൽ പകർന്ന് യഥാർത്ഥ പങ്കാളിത്തത്തോടെ ചെയ്യുവിൻ. അങ്ങനെയെങ്കിൽ നിങ്ങൾ ഉന്നതിയിലെത്തും.

മുതിർന്നവരിൽനിന്നും പഠിക്കാൻ തയ്യാറാകുന്നത് എപ്പോഴും നല്ലതാണ്.

## 3. അധികാരികളാൽ നിർബ്ബന്ധിതനായ യോശുവ

അമാലേക്യർ വന്ന് രഫദീമിൽ യിസ്രായേല്യരുമായി യുദ്ധം ചെയ്തു (പുറപ്പാട് 17:8). കുറച്ച് ആളുകളുമായി ചെന്ന് അവരോട് യുദ്ധം ചെയ്യാൻ മോശെ യോശുവയോടു പറഞ്ഞു. മോശെ പറഞ്ഞതനുസരിച്ച് യോശുവ ഉടനെ തന്നെ യുദ്ധക്കളത്തിലേക്ക് പ്രവേശിച്ചു. മേലുദ്യോഗസ്ഥരെയോ ദൈവത്തെ പോലുമോ അനുസരിക്കാത്ത അനേകരുണ്ട്. മേലുദ്യോഗസ്ഥരോടും ദൈവത്തോടും അനുസരണം ഉള്ളവർക്കു മാത്രമേ നേതാക്കളാകുവാനും അവരുടെ അധികാരം വിനിയോഗിക്കുവാനും സാധിക്കുകയുള്ളു. യോശുവ അധികാരത്തെ ബഹുമാനിച്ചു. യുദ്ധത്തിനു പോകുവാൻ അവനോടു മോശെ ആവശ്യപ്പെട്ടപ്പോൾ അവൻ ഉടനെ തന്നെ യുദ്ധക്കളത്തിലിറങ്ങി. അവനു നൽകിയ ജോലി ചെയ്യാതിരിക്കാൻ യുദ്ധമുറകൾ അറിയില്ലെന്നോ, മറ്റേതെങ്കിലും ഒഴികഴിവോ അവൻ പറഞ്ഞില്ല. ഉടനെ തന്നെ അവൻ അനുസരിച്ചു.

## 4. സമാഗമനകൂടാരത്തിൽ സേവനം ചെയ്ത യോശുവ

യോശുവ ഒരു നല്ല നേതാവായിരുന്നു. യോശുവ സമാഗമനകൂടാരത്തെ സ്നേഹിച്ചു. അവൻ സമാഗമനകൂടാരത്തിൽ തന്നെ താമസിച്ചു. **...അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു** (പുറപ്പാട് 33:11). സഭയെയും സഭയുടെ വിവിധ ശുശ്രൂഷകളെയും സ്നേഹിക്കുന്നവനെ ദൈവം ഉയർത്തുക തന്നെ ചെയ്യും. സഭയുടെ ആരാധനകളി

09-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ECHO OF HIS CALL (ECHO GROUP)

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | പാസ്റ്റർമാരുടെ കൗൺസലിംഗ് | – ഞായർ വൈകുന്നേരം 4.00 മണി |
| 18. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 19. | മദ്ധ്യ ആഴ്ച വചന ധ്യാനം | – ബുധൻ വൈകുന്നേരം 6.30 മണി |
| 20. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 21. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 22. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 23. | പ്രത്യേക കർത്ത്യമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 24. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 25. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 26. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 27. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 28. | കർത്ത്യമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 29. | പ്രഭാത ധ്യാനം | – ദിവസവും രാവിലെ 5.00 |
| 30. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 31. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, **Post Box 2957**
CHEPAUK, CHENNAI - 600 005.
**Ph.: (044) 2852 8282, 2852 9293, 2854 7766,**
**Cell : 98410 71852, 95661 31858**
**E.mail : biblecor@yahoo.co.in**

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളി**യുടെ **പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എന്റെ യുവത്വത്തിന്റെ മറുവശം

**The other side of my youth!**

എന്റെ ഹൃദയം ദൈവവുമായും ദൈവരാജ്യ ചിന്തകളാലും വളരെ ചെറുപ്പം മുതലേ അടുപ്പത്തിലായിരുന്നു. ദൈവഭയം എന്റെ ജീവശ്വാസവും കർത്താവിനോടുള്ള വിശുദ്ധി എന്റെ ജീവിതത്തിന്റെ കേന്ദ്രവുമായിരുന്നു. എന്റെ ഹൃദയത്തിലെ ദൈവഹിതവും എന്നോടുള്ള കരുതലും നഷ്ടപ്പെട്ടുപോകാതെ കർത്താവ് എന്നെ നയിച്ചു. എന്റെ മനസ്സ് ദൈവീക കാര്യങ്ങളിൽ മൂർച്ചയേറിയതും ലൗകീക കാര്യങ്ങളിൽ മൂർച്ചയില്ലാത്തതുമായിരുന്നു. എന്റെ പ്രാർത്ഥനാജീവിതം വളരെ തീക്ഷ്ണമായിരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി എന്റെ ജീവിതത്തിലെ ഓരോ നിമിഷവും മഹത്തായ അനുഗ്രഹമായും പദവിയായും ഞാൻ കണക്കാക്കി.

എന്റെ അഭിനിവേശവും ആഗ്രഹങ്ങളും ദൈവത്തിനുവേണ്ടി ശക്തമായി എന്തെങ്കിലും ചെയ്യുവാനും പുതിയ സൃഷ്ടിയാകുവാനുമുള്ള എന്റെ ഉൾവിളിയിൽ നശിക്കപ്പെട്ടുപോയി. ലോകത്തിനു മനസ്സിലാക്കുവാൻ കഴിയാത്ത രീതിയിൽ ഒരു കേന്ദ്രീകൃതമായ ശക്തി എന്നിലുണ്ടായിരുന്നു.

ക്രിസ്തുവിന്റെ സുവാർത്ത അറിയുവാനുള്ള ആഗ്രഹം എന്നിൽ ജ്വലിച്ചുകൊണ്ടിരുന്നു. അതിനാൽ എന്നെപ്പോലെ ചിന്തിക്കുന്ന നെല്ലറൈക്കോണം വില്ലേജ് സി.എസ്.ഐ യിലെ എന്റെ സുഹൃത്തുക്കളായ ബ്ര. എസ്. അബ്രഹാം, ബ്ര. ജെ. ആൽബർട്ട് ദേവദാസ്, ബ്ര. പി. സാംരാജ്, ബ്ര. വൈ. തങ്കമണി, ബ്ര. എസ്. പോളസ്, ബ്ര. ജെ. ജോർജ് റോബിൻസൺ, ബ്ര. എസ്. ബെൻസൺ യേശുദാസ്, സി. ഡി. ബേബി സുശീല, സി. കനകമ്മാൾ എന്നിവർ എന്നോടൊപ്പം ചേർന്നു. 1969 ആഗസ്റ്റ് 10ന് "ഗുഡ് ന്യൂസ് പ്രെയർ ബാന്റ്" പിറവിയെടുത്തു. ഞങ്ങൾ പള്ളികളിൽ സുവിശേഷയോഗങ്ങളും പ്രാർത്ഥനായോഗങ്ങളും നടത്തി. ഞങ്ങളുടെ ശ്രമഫലമായി അനേകർ രക്ഷിക്കപ്പെടുകയും, അനേകർ ഞങ്ങളോടൊപ്പം ശുശ്രൂഷയിൽ പങ്കാളികളാകുകയും ചെയ്തു. ഈ സമയത്ത് ബ്ര. ജ. ജയാനന്ദ പോൾമണി, ബ്ര. എ. സെൽവരാജ്, ബ്ര. വെസ്‌ലി ദേവദാസൻ, ബ്ര. ജോൺ റോഷ് കമലം, ബ്ര. ജെ. ജയചന്ദ്രൻ എന്നിവർ മുന്നോട്ടു വന്ന് ഞങ്ങളോടൊപ്പം ചേർന്നു. ഞാൻ ഹാർമോണിയവും വെസ്‌ലി ദേവദാസൻ ഗിത്താറും ഡേവിഡ് റജിനാൾഡ്, ജോൺ റോഷ് കമലം എന്നിവർ വയലിനും പി. സാംരാജ് ബോംഗോസും വായിക്കുമായിരുന്നു. സംഗീതോപകരണങ്ങളോടെ സുവിശേഷം അറിയിക്കുമായിരുന്നതിനാൽ അനേകർ ഞങ്ങളുടെ സുവിശേഷ സംഘത്തിന്റെ പരിപാടികൾ കാണാൻ കൂടുമായിരുന്നു. സ്വരമാധുരിയോടെ ഞങ്ങൾ ജനങ്ങളോട് സൗജന്യമായി സുവിശേഷം അറിയിച്ചു.



*Bro. Wesley Devadasan (Herald of His Coming)*



*Rev. John Rosh Kamalam (Presbyter, Church of South India)*



*Rev. J. Jeyachandran (Presbyter, Assembly of God)*



*Bro. David Reginald (Lay Preacher)*

ഞങ്ങളുടെ ഗ്രാമത്തിലെ പള്ളിയ്ക്കു പുറമേ തക്കല, നെയ്യൂർ, ഉദയാർവിള, കൊളച്ചൽ കുഴിത്തുറ, മാർത്താണ്ഡം, കടമലൈ കുണ്ട്രു, നാഗർ കോവിൽ, മൂവാട്രുമുഖം, പള്ളിയാടി, പേച്ചിപ്പാറ, കോതയാർ, മുട്ടം, കന്യാകുമാരി തുടങ്ങിയ സ്ഥലങ്ങളിലും ഞങ്ങൾ സുവിശേഷയോഗങ്ങൾ നടത്തി.

അനേകം മുതിർന്നവരും ചെറുപ്പക്കാരും, കുട്ടികളും തങ്ങളുടെ ജീവിതം ദൈവത്തിനായി സമർപ്പിച്ചു. പ്രത്യേകിച്ച് അനേകം യുവജനങ്ങൾ തങ്ങളുടെ പാപപങ്കിലമായ ജീവിതം വെടിഞ്ഞ് ദൈവീക ജീവിതം ചെയ്യാൻ തയ്യാറായി. അനേകം രോഗികൾ സൗഖ്യമാകുകയും ഭൂതങ്ങൾ പുറത്തുവരികയും ചെയ്തു. ഇത് എനിക്ക് പുതിയ ആവേശം നൽകി. നഗ്നപാദനായി 15 മുതൽ 20 കിലോമീറ്റർ വരെ നടന്ന് ലഘുലേഖകൾ വിതരണം ചെയ്യുമായിരുന്നു. പലരും എനിക്ക് ഭ്രാന്താണെന്നു പറഞ്ഞു എങ്കിലും എന്റെ മാതാപിതാക്കൾ ഞാൻ ദൈവപൈതലാണെന്നു മനസ്സിലാക്കി.



ശുശ്രൂഷയുടെ തുടക്കത്തിൽ ദൈവവേലയ്ക്ക് അനുകൂലമായ സാഹചര്യവും മറ്റുള്ളവരിൽ നിന്നു ള്ള പ്രോത്സാഹനവും ഇല്ലായിരു ന്നെങ്കിലും ശുശ്രൂഷയിൽ സജീവ മായിരിക്കാൻ ഞാൻ അതീവ ശ്രദ്ധാലുവായിരുന്നു. ഇത്തരത്തിലു ള്ള സാഹചര്യത്തെ തുടർന്ന് അച്ചടി പേജുകളിലൂടെയുള്ള അടുത്ത ഘട്ടത്തിലേക്ക് എന്റെ ശുശ്രൂഷയെ ദൈവം നയിച്ചു.

*... 7-ാം പേജിന്റെ തുടർച്ച*

ൽ പങ്കെടുക്കുവാൻ നേതാക്കൾ കർശനമായി ജനങ്ങളോടു പറയണം. സഭയുടെ കൂടിവരവുകളെ ദൈവം സ്നേഹിക്കുന്നു. ഒരു സഭയെ തിരഞ്ഞെടുത്ത് അതിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ച് പ്രവർത്തിപ്പിൻ. അങ്ങനെയെങ്കിൽ ചോദിക്കാതെ തന്നെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കാൻ സാധിക്കും.

ഇന്നത്തെ ലോകത്തിൽ ആരാധനാലയത്തിൽ കൂടിവന്ന് ആരാധിക്കാനുള്ള ആഗ്രഹമൊന്നും ജനങ്ങൾക്കില്ല. പ്രശസ്തരായ ദൈവദാസന്മാർപോലും ജനങ്ങളോട് ദേവാലയത്തിൽ വരണമെന്ന് ആവശ്യപ്പെടാറില്ല. സഭയിൽ വന്ന് ആരാധിക്കണമെന്ന് ദൈവം ജനങ്ങൾക്ക് കല്പന നൽകിയിട്ടുള്ളത് നമുക്ക് അറിയാവുന്നതാണ്. തങ്ങൾക്കും തങ്ങളുടെ ശുശ്രൂഷകൾക്കും കൂടുതൽ അനുയായികളെ ലഭിക്കുവാനായി പ്രശസ്തരായ സുവിശേഷകർ ഞായറാഴ്ചകളിലും ടി.വി. യിലൂടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. ജനങ്ങളുടെയും സഭകളുടെയും മദ്ധ്യേ ഒരു പാലം പോലെ പ്രവർത്തിക്കേണ്ട സുവിശേഷകർ ജനങ്ങളെ വഴിതിരിച്ചു വിടുകയും ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുന്നു. സഭയിൽ പോകാൻ കഴിയാത്ത പ്രായമുള്ളവർക്കും രോഗികൾക്കും ഇതുപോലുള്ള പരിപാടികൾ നല്ലതു തന്നെയാണ്. മറ്റുള്ളവർ സഭാരാധനകളിൽ പങ്കെടുക്കട്ടെ. ശാരീരികമായി ബുദ്ധിമുട്ടുള്ളവരൊഴികെ മറ്റെല്ലാവരും സഭയുടെ ആരാധനകളിൽ പങ്കെടുക്കണമെന്ന് ഈ സുവിശേഷകർ ജനങ്ങളെ നിർബന്ധിക്കേണ്ടതാണ്.

### 5. തീരുമാനമെടുക്കുന്നതിൽ ഉറപ്പുള്ള യോശുവ

നിർണ്ണായകമായ സമയങ്ങളിൽ യോശുവ യുക്തിപരമായ തീരുമാനങ്ങളെടുത്തു. നല്ല തീരുമാനങ്ങളെടുക്കുന്നവരെ ദൈവം ഉയർത്തുന്നു. നമ്മളും തീരുമാനങ്ങൾ എടുക്കുവാനും അത് നടപ്പിലാക്കാനും കഴിവുള്ളവരുമായിരിക്കണം. അത്തരക്കാരെ ദൈവം ഉയർത്തുന്നു. കർത്താവിനെ മാത്രം ആരാധിക്കാനും മാതൃകയാക്കാനും യോശുവ ജനത്തോട് ആവശ്യപ്പെട്ടു. **...ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും** (യോശുവ 24:15). മാനസികമായി ശക്തരും ധീരമായി തീരുമാനങ്ങൾ എടുക്കുന്നവരും തന്നോടൊപ്പം നിൽക്കുന്നവരുമായ ആളുകളെയാണ് ദൈവം അന്വേഷിക്കുന്നത്.

ദൈവീക വെളിപ്പാടുകൾ ലഭിക്കുന്ന വ്യക്തികൾ ലജ്ജിക്കാതെയും പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കാതെയും കർത്താവിനെ സേവിക്കാനുള്ള വഴി ജനങ്ങൾക്കു കാണിച്ചുകൊടുക്കാനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറാകണം. ഈ കാലഘട്ടത്തിൽ ദർശനവും ദൈവവിളിയും വിശ്വാസവും നല്ല ഉപദേശങ്ങളുമില്ലാത്ത ശുശ്രൂഷകൾ പെരുകി വരുന്നു. അതിനാൽ രക്ഷിക്കപ്പെടാത്ത വിശ്വാസികളും വർദ്ധിച്ചു വരുന്നു.



നമ്മുടെ ജീവിതം നയിക്കേണ്ടത് ദൈവത്തെ മാത്രം ആശ്രയിച്ചാണ്. നമ്മുടെ വിശ്വാസത്തിൽ സത്യവും വ്യക്തതയും വേണം. നമ്മുടെ ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ അനേകർ പുതുതായി കടന്നു വരുമ്പോൾ അവരിലൂടെ സമ്പത്ത് നേടാമെന്നുള്ള ചിന്ത ഉണ്ടാകരുത്. മറിച്ച്, അവർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച്, ക്രിസ്തു പഠിപ്പിച്ചതുപോലെയുള്ള വിശുദ്ധ ജീവിതം നയിച്ച് മുന്നോട്ടു പോകുവാൻ അവരെ പ്രേരിപ്പിക്കണം. ലോകം മോശമായതിൽ നിന്നും അനുനിമിഷം വളരെയധികം മോശമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ അപകടകരമായ തിന്മകളിൽനിന്ന് ജനത്തെ വിടുവിക്കാൻ യോശുവയെപ്പോലെ ഉറച്ച തീരുമാനമെടുക്കുക. എന്നാൽ നിങ്ങളുടെ ജീവിതത്തിൽ സമ്പൂർണ്ണ രൂപാന്തരം സംഭവിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

### സങ്കീർത്തനങ്ങൾ 103:1 – 5

01. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക.
02. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.
03. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.
04. അവൻ നിന്റെ ജീവനെ നാശത്തിൽ നിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.
05. നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മ കൊണ്ടു തൃപ്തി വരുത്തുന്നു.

### *അത്യാവശ്യ വാർത്ത*

***മൊബൈൽ ഫോൺ സന്ദേശങ്ങൾ***

**ഞങ്ങളുടെ സ്നേഹിതന്മാരിൽ നിന്നും വചനങ്ങളും പടങ്ങളും ഓരോ ദിവസവും ഞങ്ങളുടെ മൊബൈൽ ഫോണിൽ വരാറുണ്ട്. സത്യം പറഞ്ഞാൽ ഇതെല്ലാം നോക്കാനുള്ള സമയം ലഭിക്കാറില്ല. അതെല്ലാം ഫോണിൽ നിന്നും കളയുക മാത്രമാണ് ഞങ്ങൾക്കു ചെയ്യാൻ കഴിയുന്നത്. അതിനാൽ വചനങ്ങളും പടങ്ങളും ഞങ്ങളുടെ ഫോണിലേക്ക് അയയ്ക്കരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. തുടർന്നും പ്രത്യേക സന്ദേശങ്ങളും പ്രാർത്ഥനാ വിഷയങ്ങളും ഞങ്ങൾക്ക് അയച്ചുതരാൻ ഞങ്ങൾ താല്പര്യപൂർവ്വം ആവശ്യപ്പെടുന്നു. ഞങ്ങളെ മനസ്സിലാക്കിയതിന് നന്ദി യർപ്പിക്കുന്നു.**

**പാസ്റ്റർ. എസ്. സാം സെൽവരാജ്**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23


## WANTED
### OFFICE STAFF

Echo of His Call requires experienced and dedicated typists and computer operators.

Contact : ECHO OF HIS CALL
Cell : 98412 71858
E.mail : sam@echoofhiscall.org


## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 5th SEPTEMBER, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766


*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**